# മേൻമ- കണ്ണൂർ നോർത്ത്

## എൽ.എസ്.എസ്.മാതൃകാ പരീക്ഷ-2019

## പേപ്പർ1 (പാർട്ട് -എ)

**മലയാളം** **ആകെ സ്കോർ 20**

**1 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് മലയാളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.**

1. പ്രാചീന കവിത്രയത്തിൽപെടാത്തത് ആര്. [1]

   (ഉള്ളൂർ, ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ)

2. കൃഷ്ണഗാഥയുടെ മറ്റൊരു പേര് [1]

   (കൃഷ്ണഗീതം, കൃഷ്ണപാട്ട്, ഉണ്ണിഗാനം, കൃഷ്ണഭക്തിഗാനം)

3. ശരിയായ പദം കണ്ടെത്തിയെഴുതുക [1]

   (ഘടികാരം, ഖടികാരം, ഘഡികാരം, ഘടിഘാരം)

4. നിഘണ്ഡു, നിഗണ്ടു, നിഘണ്ടു, നിഖണ്ഡു [1]

5. 'തോടയം ' ഏതു കലാരൂപവുമായി ബന്ധപ്പെട്ട ചടങ്ങാണ്. [1]

   (കൂത്ത്, കഥകളി, ഓട്ടൻതുള്ളൽ, തെയ്യം)

6. കൂട്ടത്തിൽ പെടാത്തത് ഏത്? [1]

   ചാടി + കയറി, തുള്ളി +ചാടി

   നോക്കി + കണ്ടു , പുതു+ മഴ

7. അനീതി, അസത്യം, അനുഭവം, അനുചിതം. [1]

8. എത്തും പിടിയും കിട്ടുന്നില്ല എന്ന ശൈലിയുടെ അർഥമെന്ത്? [1]

   (എത്തിപ്പിടിക്കാൻ കഴിഞ്ഞില്ല, ഒന്നും മനസ്സിലായില്ല, ഒന്നും കിട്ടിയില്ല, എത്തിയെങ്കിലും പിടിക്കാൻ കഴിഞ്ഞില്ല.)

9. 'പ്രത്യയങ്ങൾ' ചേർത്ത് വാചകം ശരിയാക്കി എഴുതുക. [1]

a) നാം നമ്മൾ രാജ്യ അഭിമാനം ഉയർത്തണം

b) രാമു ആന പുറത്ത് കയറാൻ ശ്രമിച്ചു.

10. 'എരിതീയിൽ എണ്ണ ഒഴിക്കുക'എന്ന ശൈലിയുടെ അർഥം എന്ത് ? [1]

( കത്തിക്കാൻ എണ്ണ ഒഴിക്കുക , കൂടുതൽ കുഴപ്പം ഉണ്ടാക്കുക, സത്യം വെളിച്ചത്താക്കുക, കഠിനമായി ചിന്തിക്കുക)

11. ഇലച്ചാർത്തുതോറും കിലുങ്ങുന്ന വെള്ളി
കൊലുസ്സിട്ടു ചേലാർന്ന
നൃത്തങ്ങൾ ചെയ്തും
അലഞ്ഞും ചിലപ്പോൾ
വലഞ്ഞും ചിലപ്പോൾ
ചിലച്ചും ചിരിച്ചും വരാറുള്ള കാറ്റേ
നിനക്കോർമ്മ കാണും
വെയിൽ ചൂടിലീറൻ
തണൽ നെയ്തുനിൽക്കും
മരത്തിൽ ചുവട്ടിൽ
തനിച്ചെന്റെ ലോകത്തു
ഞാൻ നിന്ന നേര –
ത്തണഞ്ഞെന്റെ പ്രാണൻ
കുളിർപ്പിച്ച കാര്യം
മുളഞ്ചില്ലതോറും മുഴങ്ങുന്ന പാട്ടായ്
ഇളം പൂമരത്തിൽ കിലുങ്ങും ചിലമ്പായ്
കുളത്തിന്റെ മാറ–
ത്തൊരോളത്തുടിപാ–
യൊളിച്ചെത്തിയേതോ
പടർപ്പിൽ പതുങ്ങി

പി.മധുസൂദനൻ

a) കാറ്റിന്റെ വരവ് എങ്ങനെയൊക്കെയാണ് ? [1]

b) എന്താണ് പ്രാൺ കുളിർപ്പിച്ച കാര്യം ? [1]

c) കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. [3]

12. ## ഭക്ഷണത്തിലെ മായം

## വിദ്യാർത്ഥികളുടെ പ്രതിഷേധം

ബോയ്സ് ടൗൺ :- ദീർഘകാലം സൂക്ഷിക്കുന്നതിനും കൃത്രിമമായ രുചി കൂട്ടുന്നതിനും ഭക്ഷ്യവസ്തുക്കളിൽ രാസവസ്തുക്കൾ ചേർത്ത് വില്പന നടത്തുന്നതിനെതിരെ പ്രതിഷേധിച്ചുകൊണ്ട് ബോയ്സ് ടൗണിൽ വിദ്യാർത്ഥികളുടെ പ്രതിഷേധസംഗമം സംഘടിപ്പിച്ചു. മാരകരോഗങ്ങൾക്ക് മനുഷ്യരെ അടിമകളാക്കുന്ന ദുഷ്ചെയ്തികൾക്കെതിരെ സമൂഹം ഒന്നടങ്കം പ്രതികരിക്കണമെന്ന പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ശ്രീഹരി പുൽപ്പള്ളി ആവശ്യപ്പെട്ടു.

പത്രവാർത്ത വായിച്ചല്ലോ ?

a) ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുന്നതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം വിശദമാക്കുക. [2]

b) ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുന്നതിനെതിരെ ഒരു പോസ്റ്റർ തയ്യാറാക്കുക. [2]

c) നാടൻ ഭക്ഷണത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. [1]

# <u>ഉത്തരങ്ങൾ പാർട്ട് എ</u>

1. ഉള്ളൂർ
2. കൃഷ്ണപ്പാട്ട്
3. ഘടികാരം
4. നിഘണ്ടു
5. കഥകളി
6. പുതു + മഴ
7. അനുഭവം
8. ഒന്നും മനസ്സിലായില്ല
9. a)നാം നമ്മുടെ രാജ്യത്തിന്റെ അഭിമാനം ഉയർത്തണം

   b)രാമു ആനയുടെ പുറത്ത് കയറാൻ ശ്രമിച്ചു
10. കൂടുതൽ കുഴപ്പം ഉണ്ടാക്കുക.

# L.S.S MODEL EXAMINATION – 2109

## PAPER 1 PART B

**ENGLISH** **TOTAL SCORE :10**

**13.** Rearrange the words to get a meaningful Sentence. [1]

honest /is /boy/only/this

**14.** Fill in the blanks selecting suitable words from the brackets below. [1]

Sheena walked towards the stream ------------ muddy rain water -------- bent a little and launched a paper boat it sailed --------------the stream swiftly and proudly. She ------delighted.

[She, was, down , of]

15. Describe a festival with the help of hints given [3]

[ Sweets – decoration – balloons – Giant wheel crowd – toys]

16. Write a conversation between Ivan and the mother bird. [3]

17. Make matching pairs. [1]

| | | |
|---|---|---|
| Cultivate | - | sound |
| Crowd | - | Crops |
| Horrible | - | People |
| Manure | - | Plants |

18. Make a meaningful word. [1]

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| d | a | i | p | s | e | p | a | r | d | e |

**<u>ANSWER PART B</u>**

13. **Only this boy is honest**
14. **Of – She – down – was**
15. **Description**
16. **Conversation**
17. **Cultivate - Crops**

    **Crowd - People**

    **Horrible - Sound**

    **Manure - Plants**

18. **Disappeared.**

# പേപ്പർ 1 [പാർട്ട്.സി]

## പൊതുവിജ്ഞാനം

ആകെ സ്കോർ .10

1. ഇപ്പോഴത്തെ റിസർവ്വ് ബാങ്ക് ഗവർണർ ? [1]

2. ലോക മലയാള ദിനം ? [1]

3. ഇന്ത്യയുടെ ദേശീയ ജല ജീവി ? [1]

4. അടുത്ത ലോകകപ്പ് ഫുട്ബോൾ നടക്കുന്ന രാജ്യം? [1]

5. ലോക ലഹരി വിരുദ്ധ ദിനം? [1]

6. ഇന്ത്യയുടെ അയൽ രാജ്യമല്ലാത്തത്? [1]

(പാക്കിസ്ഥാൻ , നേപ്പാൾ, ജപ്പാൻ, ചൈന)

7. ഇന്ത്യയുടെ ഏറ്റവും കിഴക്കുള്ള സംസ്ഥാനം ? [1]

8. ഗീതാജ്ഞലി ആരുടെ രചനയാണ് ? [1]

9. കേരളത്തിലെ ആദ്യത്തെ ടൂറിസ്റ്റ് ഗ്രാമം ? [1]

10. പൂജ്യം ആദ്യമായി ഉപയോഗിച്ച രാജ്യം? [1]

# <u>ഉത്തരങ്ങൾ – പാർട്ട്.സി</u>

1. ശക്തികാന്ത ദാസ്
2. നവംബർ 1
3. ഗംഗ ഡോൾഫിൻ
4. ഖത്തർ
5. ജൂൺ 26
6. ജപ്പാൻ
7. അരുണാചൽ പ്രദേശ്
8. രബീന്ദ്രനാഥ ടാഗോർ
9. കുമ്പളങ്ങി
10. ഇന്ത്യ